ചര്യങ്ങൾ ഒരുക്കുകയും അവർക്ക് വിശ്വസ്തനും പരിചയസമ്പന്നനുമായ ഉപദേഷ്ടാവിന്റെ സഹായം ലഭ്യമാക്കുക തുടങ്ങിയവയാണ്. സ്കൂളിലെ പ്രധാന അദ്ധ്യാപികയുടെ നേതൃത്വത്തിൽ മുഴുവൻ അദ്ധ്യാപിക/അദ്ധ്യാപകരുടേയും രക്ഷിതാക്കളുടേയും പങ്കാളിത്വത്തോടെ **ORC** നോഡൽ ടീച്ചറും സ്കൂൾ കൗൺസിലറും സ്കൂൾ ഹെൽത്ത് നഴ്സുമാണ് **ORC** പദ്ധതിക്ക് സ്കൂൾ തലത്തിൽ നേതൃത്വം നൽകുന്നത്.

ജില്ലാകളക്ടറുടെ നേതൃത്വത്തിൽ കുട്ടികളുടെ വ്യക്തിവികാസത്തിനും സംരക്ഷണത്തിനുംവേണ്ടി പ്രവർത്തിക്കുന്ന എല്ലാ സർക്കാർ, സർക്കാരിതര പ്രസ്ഥാനങ്ങളുടേയും ജില്ലാതല ഉദ്യോഗസ്ഥർ അടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മറ്റിയാണ് ജില്ലാതലത്തിൽ **ORC** പദ്ധതിയുടെ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നത്. ജില്ലാചൈൽഡ് പ്രൊട്ടക്ഷൻ ആഫീസർ, **ORC** ജില്ലാ കോർഡിനേറ്റർ, **ORC** ജില്ലാ ആക്ഷൻ ഗ്രൂപ്പ് മെമ്പേഴ്സ് എന്നിവർ **ORC** പ്രവർത്തനത്തെ പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിനായി പ്രവർത്തിക്കുന്നു.



## കുട്ടികളുടെ അവകാശ സംരക്ഷണവും ഉത്തമ താല്പര്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിന്



# സംയോജിത ശിശുസംരക്ഷണ പദ്ധതി

**Integrated Child Protection Scheme (ICPS)**




ജില്ലാചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്
ലത്തീൻചർച്ച് കോംപ്ലക്സ്
കോൺവെന്റ് സ്ക്വയർ
ആലപ്പുഴ - 688 001.
ഫോൺ : 0477 2241644
www.sjd.kerala.gov.in
Email : dcpualpy@gmail.com

madhavctl@gmail.com
9946060690, 9847800303




## കേരള സർക്കാർ
## ജില്ലാശിശു സംരക്ഷണ യൂണിറ്റ്
## ആലപ്പുഴ



# സംയോജിത ശിശുസംരക്ഷണ പദ്ധതി

## ജില്ലാചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് (DCPU)

ICPS പദ്ധതിയുടെ ജില്ലാതല സംവിധാനമായി ജില്ലാചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് പ്രവർത്തിക്കുന്നു. ജില്ലാകളക്ടറുടെ നിയന്ത്രണത്തിലുള്ള ഈ യൂണിറ്റിന്റെ മേധാവി ജില്ലാചൈൽഡ് പ്രൊട്ടക്ഷൻ ആഫീസറാണ്.

## ജില്ലാചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ

കുട്ടികളുടെ അവകാശ സംരക്ഷണവും ഉത്തമതാല്പര്യ സംരക്ഷണവും ഉറപ്പുവരുത്തുക, വിവിധ വകുപ്പുകളുടെ സഹകരണത്തോടെ കുട്ടികളുടെ സംരക്ഷണത്തിനും വികസനത്തിനുമുള്ള പദ്ധതികൾ ഏകോപിപ്പിച്ച് ഫലപ്രദമായി നടപ്പിലാക്കുക.

ബാലാവകാശത്തിനും സംരക്ഷണത്തിനുമായുള്ള സന്നദ്ധ സംഘടനകളുടേയും സ്ഥാപനങ്ങളുടേയും സേവനദാതാക്കളുടേയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നതോടൊപ്പം അവരെ നിരീക്ഷിക്കുകയും ചെയ്യുക. ക്ലേശകരമായ ജീവിതസാഹചര്യങ്ങളിൽപ്പെട്ട കുട്ടികളുടെ കുടുംബാംഗങ്ങളെ കണ്ടെത്തുകയും കുടുംബാധിഷ്ഠിത സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുക.




## ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC)

നമ്മൾ കുട്ടികൾക്കായി ഒരുക്കിക്കൊടുക്കുന്ന സൗകര്യങ്ങളും അവർക്ക് മുമ്പാകെ വയ്ക്കുന്ന മാതൃകകളും അവർക്ക് നൽകുന്ന സ്നേഹ പരിചരണവുമാണ് ഒരു കുട്ടിയുടെ സ്വഭാവ രൂപീകരണത്തിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നത്. ഓരോ വ്യക്തിയിലും നന്മയേയും തിന്മയേയും പ്രതിനിധാനം ചെയ്യുന്ന ഘടകങ്ങൾ ഉണ്ടെന്ന് ഉള്ളത് സത്യമാണ്. ഏതുഗുണമാണ് ശക്തിപ്പെടുന്നത് എന്നത് ഏതു സാഹചര്യത്തിലാണ് ഒരാൾ വളരുന്നത് എന്നതിനെ ആശ്രയിച്ചിരിക്കും. നമ്മുടെ കുട്ടികളുടെ കാര്യത്തിൽ രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും പൊതുസമൂഹത്തിനും ഉണ്ടായിരിക്കേണ്ട കൂട്ടുത്തരവാദിത്വം നഷ്ടമായിരിക്കുന്നു എന്ന തിരിച്ചറിവിലേക്കാണ് അവർക്കിടയിൽ വർദ്ധിച്ചുവരുന്ന അനാശാസ്യപ്രവണതകൾ വിരൽ ചൂണ്ടുന്നത്. ഈ യാഥാർത്ഥ്യത്തിന്റെ തിരിച്ചറിവിൽ നിന്നും ഉടലെടുത്ത പദ്ധതിയാണ് ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ അഥവാ ORC പദ്ധതി. കുട്ടികളുടെ വ്യക്തിത്വ വികാസത്തിനും സംരക്ഷണത്തിനും നേതൃത്വം നൽകാൻ ഉത്തരവാദിത്വപ്പെട്ട സർക്കാർ വകുപ്പുകളായ വിദ്യാഭ്യാസം, ആരോഗ്യം, പോലീസ് തുടങ്ങിയവ, സർക്കാരിതര പ്രസ്ഥാനങ്ങൾ, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവർ ഒന്നിച്ച് ഒത്തൊരുമയോടെ കൈകോർത്തുകൊണ്ട് സാമൂഹ്യ വകുപ്പിന്റെ കീഴിലുള്ള സംയോജിത ശിശു സംരക്ഷണ പദ്ധതി (ICPS) യുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ORC.

ORC പദ്ധതിയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനതലം സ്കൂളുകളാണ്. തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും ലൈഫ് സ്കിൽ പരിശീലനം നൽകുക, വിദ്യാർത്ഥികളുടെ വിവിധങ്ങളായ കഴിവുകളെകുറിച്ചുള്ള പഠനങ്ങൾ നടത്തുക, അവരുടെ സർഗ്ഗാത്മകമായ കഴിവുകളെ പരിപോഷിപ്പിക്കുക, കുട്ടികളുടെ വ്യക്തിത്വ വികാസത്തിനും സംരക്ഷണത്തിനും ക്രിയാത്മകമായി ഇടപെടാൻ അദ്ധ്യാപിക/അദ്ധ്യാപകരേയും രക്ഷിതാക്കളേയും പ്രാപ്തരാക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുക, പ്രത്യേക പരിചരണം ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് അതിനായിട്ടുള്ള സാഹ

